# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.04.2025**

### പ്രധാനവാർത്തകൾ

1. **പഹൽഗാം ഭീകരാക്രമണത്തെ ഏകകണ്ഠമായി അപലപിച്ച് ജമ്മു കശ്മീർ നിയമസഭ. ജീവൻ നഷ്ടമായവർക്ക് ആദരാഞ്ജലി അർപ്പിച്ചു.**
2. **പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വിതരണം ചെയ്യും.**
3. **സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ വലിയ വർദ്ധനയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
4. **ലഹരിമരുന്ന് കേസിൽ ചലച്ചിത്രതാരങ്ങളായ ഷൈൻ ടോം ചാക്കോയും ശ്രീനാഥ് ഭാസിയും എക്സൈസിനു മുന്നിൽ ഹാജരായി.**
5. **ആകാശവാണി തിരുവനന്തപുരം നിലയത്തിൻ്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങൾ വിവിധ പരിപാടികളോടെ ഇന്ന് സമാപിക്കും.**
6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## പഹൽഗാം

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട 26 പേർക്ക് ആദരാഞ്ജലി അർപ്പിച്ച് ജമ്മു കശ്മീർ നിയമസഭ. ജമ്മുവിൽ ഇന്ന് ചേർന്ന പ്രത്യേക സമ്മേളനത്തിൽ രണ്ട് മിനിറ്റ് മൗനം ആചരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നിരപരാധികളായ വിനോദസഞ്ചാരികൾക്കെതിരെ നടന്ന ഹീനമായ ആക്രമണത്തെ നിയമസഭാ ഏകകണ്ഠമായി അപലപിച്ചു. വിനോദസഞ്ചാരികൾക്കെതിരായ ക്രൂരവും മനുഷ്യത്വരഹിതവുമായ ആക്രമണത്തിൽ അഗാധമായ ഞെട്ടലും വേദനയും പ്രകടിപ്പിച്ചുകൊണ്ട് ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരി  പ്രമേയം അവതരിപ്പിച്ചു. അതിനിടെ, ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

## പത്മ പുരസ്കാരങ്ങൾ

പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വിതരണം ചെയ്യും. വൈകുന്നേരം രാഷ്ട്രപതി ഭവനിലാണ് പുരസ്ക്കാരദാന ചടങ്ങുകൾ. മലയാളത്തിൻറെ പ്രിയ കഥാകാരൻ എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ സമ്മാനിക്കും.

പി.ആർ.ശ്രീജേഷ്, ഡോ.ജോസ് ചാക്കോ പെരിയപ്പുറം എന്നിവർക്ക് പത്മഭൂഷണും ഐ.എം.വിജയൻ, കെ.ഓമനക്കുട്ടിയമ്മ എന്നിവർക്ക് പത്മശ്രീയും സമ്മാനിക്കും. മലയാളികളുടെ പ്രിയ കഥാകാരൻ എം.ടി, വിട വാങ്ങി ഒരു മാസം തികയുന്ന വേളയിലായിരുന്നു പുരസ്ക്കാര പ്രഖ്യാപനം. ധ്യാൻചന്ദിനു ശേഷം പത്മഭൂഷൺ സ്വന്തമാക്കുന്ന ഹോക്കി താരം എന്ന നേട്ടത്തിനുടമയാവുകയാണ് ശ്രീജേഷ്. കേരളത്തിലെ ആദ്യത്തെ ഹൃദയം മാറ്റിവെയ്ക്കൽ

ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മനുഷ്യസ്നേഹിയായ ഡോക്ടറാണ് ജോസ് പെരിയപ്പുറം. ദീർഘകാലം ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ നട്ടെല്ലായിരുന്നു ഐ എം വിജയൻ. നൃത്തമേഖലയിലെ സംഭവനകൾക്കാണ് ചലച്ചിത്ര തരം ശോഭനയ്ക്ക് പത്മഭൂഷൺ സമ്മാനിക്കുന്നത്. ആറു പതിറ്റാണ്ടിലേറെ നീണ്ട സംഗീത ജീവതം പരിഗണിച്ചാണ് കെ. ഓമനക്കുട്ടിയമ്മയ്ക്ക് പത്മശ്രീ ലഭിച്ചത്.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## മുഖ്യമന്ത്രി - ഇടുക്കി (ഇൻട്രോ

സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ വലിയ വർദ്ധനയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2016ൽ 26 ശതമാനമായിരുന്ന തനത് വരുമാനം 73 ശതമാനത്തിലെത്തിയതായി അദ്ദേഹം പറഞ്ഞു. 81 ആയിരം കോടി രൂപയാണ് നിലവിലെ തനത് വരുമാനം. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കി നെടുങ്കണ്ടത്ത് നടന്ന ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒൻപത് വർഷം കൊണ്ട് ജനങ്ങൾ ആഗ്രഹിച്ച രീതിയിലുള്ള വികസനം ഉണ്ടായോ എന്ന് വിലയിരുത്തേണ്ട സമയമായെന്നും അദ്ദേഹം പറഞ്ഞു. ഇടുക്കിയിലെ ഭൂ പ്രശ്നം പരിഹരിക്കാൻ ഭൂപതിവ് നിയമ ഭേദഗതി കൊണ്ടു വന്നതായി മുഖ്യമന്ത്രി പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ.... (വോയ്സ്)

&&&&&&&&&&&&&&&&&&&&

## പെട്രോ കെമിക്കൽ പാർക്ക്

കൊച്ചി അമ്പലമുഗളിലെ കിൻഫ്ര പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണെന്ന് മന്ത്രി പി രാജീവ്. പാർക്ക് പൂർത്തിയാകുന്നതോടെ 10,000 കോടി

RNU TVPM

നിക്ഷേപവും, 20,000 തൊഴിൽ അവസരങ്ങളും പ്രതീക്ഷിക്കുന്നു. 1200 കോടി രൂപയാണ് പദ്ധതിച്ചെലവ്. പാർക്ക് ഈ വർഷം തന്നെ പ്രവർത്തനക്ഷമമാകുമെന്നും മന്ത്രി വ്യക്തമാക്കി. ഇതിനോടനുബന്ധിച്ച് 5000 കോടി രൂപ നിക്ഷേപമുള്ള BPCL ന്‍റെ പോളി പ്രൊപ്പിലീൻ പ്ലാന്റ് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 4</u>

<u>ആലപ്പുഴ - ലഹരി (ഇൻട്രോ)</u>

ആലപ്പുഴയിലെ റിസോർട്ടിൽ നിന്ന് രണ്ടുകോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവ് പിടിച്ച കേസിൽ എക്സൈസ് അന്വേഷണം പുരോഗമിക്കുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ......**

(വോയ്സ്)

&&&&&&&&&&&&&&&&&&&&

<u>മെഗാ സുമ്പ ഡിസ്പ്ലേ - മുഖ്യമന്ത്രി പിണറായി വിജയൻ</u>

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ സംഘടിപ്പിക്കുന്ന മെഗാ സുമ്പ ഡിസ്പ്ലേ 2025 മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ വൈകുന്നേരം 5 മണിക് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷതെ വഹിക്കും . "ലഹരി വേണ്ട , പഠനമാണ് ലഹരി, എന്നതാണ് പരിപാടിയുടെ പ്രമേയം.

&&&&&&&&&&&&&&&&&&&&

<u>ബോംബ് ഭീഷണി - മുഖ്യമന്ത്രി ഓഫീസ്</u>

സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് അടക്കം 3 ഇടത്ത് ബോംബ് ഭീഷണി. മുഖ്യമന്ത്രിയുടെ ഓഫീസ് ക്ലിഫ് ഹൗസ്, ട്രാഫിക്ക് കമ്മിഷണറുടെ ഓഫീസ് എന്നിവിടങ്ങളിലാണ് ഭീഷണി. പൊലീസ് വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

RNU TVPM

## <u>ഹെഡ് ലൈൻ - 5</u>

### <u>ആകാശവാണി 75-ാാം വാർഷികം (ഇൻട്രോ)</u>

ആകാശവാണി തിരുവനന്തപുരം നിലയത്തിൻ്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ സമാപനം ഇന്ന്. വൈകുന്നേരം 3 മണിക്ക് വഴുതക്കാട് ടാഗോർ തിയറ്ററിൽ നടക്കുന്ന ചടങ്ങിൽ സംവിധായകനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യും. ആകാശവാണിയുടെ ചരിത്രനിമിഷങ്ങളുടെ പ്രദർശനം, മാധ്യമ ചർച്ച, സംഗീത സന്ധ്യ, സമാപന സമ്മേളനം തുടങ്ങിയ പരിപാടികളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&

RNU TVPM

### <u>രാജീവ് ചന്ദ്രശേഖർ</u>

വിഴിഞ്ഞം തുറമുഖവും ദേശീയ പാത വികസനവും റയിൽവേ സ്റ്റേഷനുകളുടെ നവീകരണവും സംസ്ഥാനത്തു പുതിയ അവസരങ്ങൾ തുറന്ന് കൊടുക്കുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. വടകരയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യമേഖലയിലെ മാറ്റങ്ങൾ വികസന രംഗത്ത് വിപ്ലവമാണ് സൃഷ്ടിക്കുന്നതെന്നും വികസനം, ക്ഷേമം, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവ ഒരുക്കുകയാണ് തങ്ങളുടെ കാഴ്ചപ്പാടെന്നും അദ്ദേഹം വ്യക്തമാക്കി.
ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന കോഴിക്കോട് നോർത്ത് ജില്ല വികസിത കേരളം കൺവെൻഷൻ വടകര കൃഷ്ണ കൃപ ഓഡിറ്റോറിയത്തിൽത്തുടങ്ങി. തുടർന്ന് നടക്കുന്ന ജില്ലാ നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

## ഫ്രാൻസിസ് മാർപാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയുടെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന കോൺക്ലേവിന്റെ തിയതി ഇന്ന് പ്രഖ്യാപിച്ചേക്കും . ഇന്ന് നടക്കുന്ന കർദിനാൾമാരുടെ സമ്മേളനത്തിലായിരിക്കും പ്രഖ്യാപനം. ഫ്രാൻസിസ് മാർപാപ്പായുടെ വിയോഗത്തിന് ശേഷമുള്ള കർദിനാൾമാരുടെ അഞ്ചാമത്തെ യോഗമാണിത്.

&&&&&&&&&&&&&&&&&&&&

## ചട്ടമ്പിസ്വാമി - സമാധിദിനാചരണം

ചട്ടമ്പിസ്വാമിയുടെ 101-ാം സമാധിദിനാചരണം നാളെ തിരുവനന്തപുരം കണ്ണമ്മൂലയിലെ ജന്മസ്ഥാന ക്ഷേത്രത്തിൽ നടക്കും. രാവിലെ 5.30 ന് നിർമാല്യദർശനം ആരംഭിക്കും.

&&&&&&&&&&&&&&&&&&&&

## പേവിഷബാധ - കോഴിക്കോട് മെഡിക്കൽ കോളേജ്

പേവിഷബാധയേറ്റ മലപ്പുറം സ്വദേശിയായ ബാലിക കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ അതിഗുരുതരാവസ്ഥയിൽ തുടരുന്നു. കുട്ടി വാക്സിനെടുത്തിരുന്നു. ഈ മാസം 25 നാണ് കുട്ടിയെ മെഡിക്കൽ കോളെജ് പീഡിയാട്രിക്ക് വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. 6 വയസ്സുകാരിയായ കുട്ടിയുടെ തലക്കാണ് തെരുവ്നായയുടെ കടിയേറ്റത്.

RNU TVPM

&&&&&&&&&&&&&&&&&&&&

## സെറ്റ് ഓൺലൈൻ രജിസ്ട്രേഷൻ

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് ഇന്ന് മുതൽ രജിസ്റ്റർ ചെയ്യാം. www.lbscentre.kerala.gov.in - എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത് . ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡും, ബി.എഡുമാണ് അടിസ്ഥാന യോഗ്യത. അടുത്ത മാസം 28 ആണ് ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി .

&&&&&&&&&&&&&&&&&&&&

<u>പാലക്കാട് - കാട്ടാന ചരിഞ്ഞു</u>

പാലക്കാട് അട്ടപ്പാടി കീരിപ്പാറ വനമേഖലയിൽ പരിക്കേറ്റ നിലയിൽ കണ്ടെത്തിയ കാട്ടാന ചരിഞ്ഞു. ആരോഗ്യസ്ഥിതി ഗുരുതരമായിരുന്ന ആനയെ വെറ്ററിനറി സർജന്മാർ എത്തി പരിശോധന നടത്തിയെങ്കിലും മയക്ക് വെടിവെച്ച് പിടികൂടി ചികിത്സ നൽകാൻ സാധിച്ചിരുന്നില്ല.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 6

<u>ഐ പി എൽ</u>

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ജയ്പൂരിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&

<u>വനിതാ ഏകദിന ക്രിക്കറ്റ്</u>

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റിൽ നാളെ നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. രാവിലെ 10 മണിക്ക് കൊളമ്പോയിലാണ് മത്സരം. ആദ്യമത്സരത്തിൽ ഇന്ത്യൻ വനിതകൾ ശ്രീലങ്കയെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

PRD TVPM

&&&&&&&&&&&&&&&&&&&&

<u>ഹയർ സെക്കന്ററി അധ്യാപക സ്ഥലംമാറ്റം - അപേക്ഷ</u>

സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിന് അടുത്ത മാസം 3 വരെ ഓൺലൈനായി അപേക്ഷിക്കാം. www.dhsetransfer.kerala.gov.in പോർട്ടൽ വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. സംസ്ഥാന - ജില്ലാ തലത്തിൽ വിഷയങ്ങൾ തിരിച്ചുള്ള തത്സമയ ഒഴിവുകൾ പോർട്ടലിൽ ലഭ്യമാണ്.

&&&&&&&&&&&&&&&&&&&&

<u>കൊല്ലം - കോടതി വിധി</u>

കൊല്ലം പൂയപ്പള്ളിയിൽ സ്ത്രീധനത്തിന്റെപേരിൽ യുവതിയെ പട്ടിണിക്കിട്ട് കൊലപ്പെടുത്തിയ കേസിൽ കൊല്ലം അഡീഷണൽ ജില്ലാ സെഷൻസ് കോടതി ഇന്ന് ശിക്ഷ വിധിക്കും. ഭർത്താവ് ചന്തുലാൽ ഭർതൃമാതാവ് ഗീത ലാലി എന്നിവർ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. പ്രതികളെ കോടതിയിൽ ഹാജരാക്കി. 2019 മാർച്ച് 21നാണ് കരുനാഗപ്പള്ളി സ്വദേശിനി തുഷാര മരിച്ചത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&

RNU TVPM